# എന്താണ് എൻ.ആർ.സിയും സി.എ.എയും?



കുറച്ച് ദിവസങ്ങളായി നമ്മുടെ രാജ്യമാകെ പ്രതിഷേധങ്ങൾ നടക്കുന്നത് കൂട്ടുകാർ ശ്രദ്ധിച്ചിരിക്കുമല്ലോ. ഒരുപക്ഷേ നിങ്ങളും ആ പ്രതിഷേധത്തിന്റെ ഭാഗമായി പ്രകടനങ്ങളിലും മറ്റും പങ്കെടുത്തിരിക്കും. കേന്ദ്ര ഗവൺമെന്റ് പാസാക്കിയ സി.എ.എക്ക് എതിരെയും എൻ.ആർ.സിക്ക് എതിരെയുമാണ് രാജ്യത്ത് പ്രക്ഷോഭങ്ങൾ നടക്കുന്നത്.

**എന്താണ് എൻ.ആർ.സിയെന്ന് കൂട്ടുകാർക്കറിയാമോ?**

ഇന്ത്യക്കകത്തും പുറത്തും താമസിക്കുന്ന ഇന്ത്യൻ പൗരൻമാരുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ ആണ് എൻ.ആർ.സി (നാഷണൽ രജിസ്റ്റർ ഓഫ് സിറ്റിസൺസ്). കേന്ദ്ര സർക്കാർ അസം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ഇന്ത്യൻ പൗരൻമാരുടെ പട്ടിക ഉണ്ടാക്കുകയാണ് ദേശീയ പൗരത്വ രജിസ്റ്ററിലൂടെ. കൃത്യമായ രേഖകൾ ഇല്ലെങ്കിൽ അവർ ഇന്ത്യക്കാരല്ലാതാകും. പിന്നീടവരെ ജയിലെന്ന് വിളിക്കാവുന്ന ഡിറ്റൻഷൻ സെന്ററിലാകും പാർപ്പിക്കുക.

ഒരു വീട്ടിൽത്തന്നെ ചിലർക്ക് പൗരത്വം ലഭിക്കുകയും മറ്റു ചിലർക്ക് പൗരത്വം ലഭിക്കാതിരിക്കുകയും ചെയ്ത നിരവധി സംഭവങ്ങൾ അസമിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസമിലാണ് ആദ്യം പൗരത്വ രജിസ്റ്റർ ഉണ്ടാക്കിയത്. എന്നാൽ രാജ്യം മുഴുവനായും പൗരത്വ രജിസ്റ്റർ ഉണ്ടാക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ നവംബർ 20-ന് പറഞ്ഞു. അതോടു കൂടി രാജ്യത്തെ ജനങ്ങളെല്ലാം തങ്ങൾ ഇന്ത്യക്കാരാണെന്ന് തെളിയിക്കാൻ രേഖകൾക്കായി ഓടിനടക്കേണ്ടിവരുന്ന ഗതികേടിലേക്കാണ് സർക്കാർ ജനങ്ങളെ തള്ളി വിടുന്നത്.

അസമിൽ ഓഗസ്റ്റ് 31-ന് അന്തിമ പൗരത്വ രജിസ്റ്റർ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം

ഇന്ത്യയിൽ ആദ്യമായി ഓൺലൈൻ ലോട്ടറിക്ക് തുടക്കമിട്ട സംസ്ഥാനം- സിക്കിം




നിരവധി വിവാദങ്ങൾ ഉണ്ടായിരുന്നു. അർഹതയുള്ളവർ പോലും പട്ടികയിൽ നിന്ന് പുറത്തുപോയെന്നായിരുന്നു പ്രധാന ആരോപണം. ഒരുപാട് ബംഗാളി ഹിന്ദുക്കളും പട്ടികയിൽ നിന്ന് പുറത്തു പോയി. അങ്ങനെ സംഭവിച്ചപ്പോൾ പുതിയൊരു ബിൽ പാസാക്കുകയായിരുന്നു കേന്ദ്ര ഗവൺമെന്റ് ചെയ്തത്. അതാണ് സി.എ.എ. (സിറ്റിസൺസ് അമെൻമെന്റ് ആക്ട്)

## സി.എ.എ

അസമിൽ പൗരത്വം ലഭിക്കാതെപോയവരിൽ ഹിന്ദുക്കൾ, സിഖുകാർ, ബുദ്ധമതക്കാർ, ജൈനന്മാർ, പാർസികൾ, ക്രിസ്ത്യാനികൾ എന്നിങ്ങനെ ആറ് മതങ്ങളിൽ പെട്ടവർ ഇന്ത്യയിൽ ആറ് വർഷം താമസിച്ചിട്ടുണ്ടെങ്കിൽ അവർക്ക് പൗരത്വം ലഭിക്കും. എന്നാൽ മുസ്‌ലിംകൾക്ക് ലഭിക്കില്ല. 1955-ലെ പൗരത്വ നിയമത്തിൽ ഭേദഗതി വരുത്തുന്നതാണ് ഈ ബിൽ. പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽ നിന്ന് 2014



ഡിസംബർ 31-ന് മുമ്പ് ഇന്ത്യയിൽ അഭയാർത്ഥികളായി എത്തിയ ഹിന്ദു, സിഖ്, ബുദ്ധ, പാഴ്സി, ജൈന, ക്രിസ്ത്യൻ മതക്കാർക്കെല്ലാം പൗരത്വം കിട്ടും. എന്നാൽ, ബില്ലിൽ മുസ്‌ലിംങ്ങൾക്ക് ഈ പരിഗണനയില്ല. അതുകൊണ്ടു തന്നെ ഭരണഘടന ഉറപ്പുനൽകുന്ന തുല്യനീതി എന്നതിന് വിരുദ്ധമാണ് ഈ ബിൽ. എല്ലാ മതവിഭാഗങ്ങളെയും തുല്യരായി പരിഗണിക്കുന്ന മാതൃരാജ്യമായ ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കി മാറ്റാനുള്ള പ്രഥമ ചുവടുവെപ്പായിട്ടാണ് നിയമജ്ഞരും ഭരണഘടനാ വിദഗ്ധരും ഈ ബില്ലിനെ കാണുന്നത്. പ്രക്ഷോഭങ്ങൾ ഉണ്ടാകാനുള്ള കാരണവും അത് തന്നെ. 2016ൽ കൊണ്ടുവന്ന ബിൽ പൊതുതെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ലോക്സഭയിൽ പാസാക്കിയെങ്കിലും പ്രതിപക്ഷത്തിന്റെ കൂട്ടായ എതിർപ്പിനെത്തുടർന്ന് രാജ്യസഭയിൽ പാസാക്കാനായില്ല.

കൃത്യമായ വിവേചനം ഉണ്ട് എന്നതുകൊണ്ടാണ് ഈ നിയമം ഇത്രയേറെ വിവാദമായത്. ഇന്ത്യയുടെ ഭരണഘടനയിലെ ആർട്ടിക്ൾ 14 ന് എതിരാണ് ഈ ബില്ല്. ഏതൊരാൾക്കും നിയമത്തിന് മുന്നിൽ തുല്യതയും ഇന്ത്യക്കകത്ത് തുല്യ പരിരക്ഷയും ഉറപ്പുനൽകുന്നുണ്ട് ഭരണഘടന. മതം, വംശം, ജാതി, ലിംഗം അല്ലെങ്കിൽ ജനന സ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം പാടില്ലായെന്ന് ഇന്ത്യൻ ഭരണഘടന നിഷ്കർഷിക്കുന്നു. അതുകൊണ്ടു തന്നെ ഭരണഘടനക്ക് വേണ്ടിയുള്ള പോരാട്ടം കൂടിയായി ഇന്ത്യയിലെ ഈ പ്രക്ഷോഭങ്ങൾ മാറുകയാണ്.

**ഹോർത്തുസ് മലബാറിക്കസ് എന്ന ഗ്രന്ഥം മലയാളത്തിലേക്ക് തർജമ ചെയ്തത്- കെ. എസ് മണിലാൽ**